**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ. സുനിൽ കുമാർ. എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 2029/2017 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ(സാധാ)നം. 291/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 31/01/2018

================================================================

പരാമർശം:- 1. സ.ഉ(അ)നം.03/17/ഉഭപവ, തീയതി 25.02.2017.

2. ശ്രീ. സുനിൽ കുമാർ. എസ് ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 2029/2017 നമ്പർ കേസ്സിന്മേലുള്ള 26.10.2017-ലെ ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 13.10.2017 ലെ ഇ 3-101/14 നമ്പർ നടപടിക്രമം.

4. പഞ്ചായത്ത് ഡയറക്ടറുടെ 22.11.2017-ലെ ഇ 3-38011/17 നം. കത്ത്.

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ. സുനിൽ കുമാർ. എസ്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 2029/2017 നമ്പർ കേസിന്മേൽ ബഹു. ട്രിബ്യൂണൽ പരാതിക്കാരൻ അനക്സർ എ 5 ആയി സമർപ്പിച്ച അപേക്ഷയിന്മേൽ പരാതിക്കാരനേയും ഈ വിധി ബാധിക്കുവാൻ സാദ്ധ്യതയുള്ള ജീവനക്കാരേയും നേരിൽ കേട്ട് ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ തീർപ്പാക്കാൻ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന തന്നെ ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് കൺവർഷൻ നൽകി ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയുണ്ടായെന്നും മേൽ സമയത്ത് തന്റെ സ്വന്തം ജില്ലയായ പത്തനംതിട്ടയിൽ ഹെഡ്ക്ലാർക്ക് തസ്തികയിൽ 23 ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും മേൽ ഒഴിവുകളിൽ 13 സ്ഥലത്ത് സീനിയോറിറ്റി മറികടന്ന് തന്റെ ജൂനിയർമാർക്കാണ് നിയമനം നൽകിയതെന്നും ഇത് സർക്കാരിന്റെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമാണെന്നും മേൽ നിയമനങ്ങൾ നടത്തിയ ശേഷം ഒഴിവ് വന്ന പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെങ്കിലും നിയമനം നൽകണമെന്ന് അപേക്ഷിച്ചിട്ടും പ്രസ്തുത സ്ഥലത്ത് തിരുവനന്തപുരം സ്വദേശിയായ ശ്രീമതി. എൻ. ഷെറിയെയാണ് നിയമിച്ചതെന്നും എന്നാൽ ടിയാൾ പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച ശേഷം നീണ്ട അവധിയിലാണെന്നും വൃദ്ധരായ മാതാപിതാക്കളും ഏഴാം ക്ലാസ് വിദ്യാർത്ഥിയായ മകനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക മാവേലി സൂപ്പർമാർക്കറ്റിൽ സെയിൽസ് വുമണായി ജോലി നോക്കുന്ന ഭാര്യയുമടങ്ങുന്ന തന്റെ വീട്ടിൽ ഭാര്യയ്ക്ക് രാത്രി വൈകി മാത്രമേ വീട്ടിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളുവെന്നും ആയതിനാൽ പരസഹായം ആവശ്യമുള്ളതും തന്റെ സംരക്ഷണയിൽ കഴിയുന്നവരുമായ തന്റെ മാതാപിതാക്കളെ ശരിയാംവണ്ണം നോക്കാൻ സാധിക്കുന്നില്ലായെന്നും ആയതിനാൽ തനിക്ക് സൗകര്യപ്രദമായ പള്ളിക്കൽ, ഇമ്പമൺ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്,

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്, മൈലപ്ര ഗ്രാമപഞ്ചായത്ത് എന്നീ പഞ്ചായത്തുകളിൽ ഏതെങ്കിലും ഒന്നിൽ സ്ഥലംമാറ്റം നൽകണമെന്നുമാണ് പരാതിക്കാരൻ അനക്സർ എ 5 ആയി സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

3. ശ്രീ. സുനിൽ കുമാർ. എസ് നേയും വിധി ബാധിക്കാൻ സാധ്യതയുള്ള മറ്റ് ജീവനക്കാരേയും തദ്ദേശ സ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. അനക്സർ എ 5 നിവേദനത്തിലെ ആവശ്യങ്ങൾ തന്നെ നേരിൽ കേൾക്കുന്ന സമയത്തും ടിയാൻ ആവർത്തിക്കുകയുണ്ടായി.

4. പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് അക്കൗണ്ടന്റുമാരെ ഹെഡ്ക്ലാർക്ക് തസ്തികയിലേയ്ക്ക് പരിവർത്തനം നൽകി നിയമിക്കുന്നതെന്നും പ്രസ്തുത ഉദ്യോഗക്കയറ്റം / പരിവർത്തനം ചെയ്യുന്നത് സംസ്ഥാനതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണെന്നും ജില്ലാതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലല്ലായെന്നും ടിയാനെക്കാൾ സീനിയറായ പല സ്ത്രീകളും വിദൂരങ്ങളായ ജില്ലകളിലാണ് സേവനമനുഷ്ഠിക്കുന്നതെന്നും നിലവിൽ ഹെഡ്ക്ലാർക്കുമാരുടെ യാതൊരു ഒഴിവുകളും പത്തനംതിട്ട ജില്ലയിൽ നിലവിലില്ലായെന്നും, ശ്രീ. സുനിൽ കുമാറിന്റെ സ്ഥലംമാറ്റം ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സുനിൽകുമാർ ഹിയറിംഗ് വേളയിൽ ഹാജരാക്കിയ കൺവേർഷൻ ലിസ്റ്റ് പരിശോധിച്ചതിൽ ടിയാന്റെ ജൂനിയർമാർക്ക് സീനിയോറിറ്റി മറികടന്ന് പത്തനംതിട്ട ജില്ലയിൽ തന്നെ നിയമനം നൽകിയതായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. മേൽ ജീവനക്കാരെ പ്രസ്തുത പഞ്ചായത്തുകളിൽ നിന്ന് ഉടൻതന്നെ സ്ഥലംമാറ്റം നൽകാതെ ശ്രീ. സുനിൽകുമാർ തന്റെ നിവേദനത്തിൽ സൂചിപ്പിച്ച പ്രകാരം ടിയാനെ പത്തനംതിട്ട ജില്ലയിൽ ഒഴിവുള്ളതായ കൊറ്റനാട്, റാന്നി, പഴവങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളിലേക്കോ അല്ലെങ്കിൽ ടിയാൻ നിവേദനത്തിൽ ആവശ്യപ്പെട്ട സ്ഥലങ്ങളിലേതെങ്കിലും പഞ്ചായത്തുകളിൽ ആദ്യം വരുന്ന ഒഴിവിലോ നിയമനം നൽകുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

6. ഇപ്രകാരം പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26.10.2017-ലെ OA No. 2029/2017 നമ്പർ കേസ്സിന്മേലുള്ള ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. സുനിൽ കുമാർ. എസ്, അക്കൗണ്ടന്റ്, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം. 315/ഇപിഎ 1/2017/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ആഫീസർ